ജില്ലാ വിദ്യാഭ്യാസ പരിശീലന ഇൻസ്റ്റിറ്റ്യൂട്ട് (ഡയറ്റ്)

തൃശ്ശൂർ



# ഫോക്കസ് 2021

എസ്. എസ്. എൽ. സി. വിദ്യാർത്ഥികൾക്കുള്ള പഠന സഹായി

## മലയാളം

District Institute of Education and Training
Ramavarmapuram (P.O), Thrissur (Dist(, Kerala, Pin : 680631
Ph : 0487 2332070, Email : diettcr@gmail.com

## ജില്ലാ വിദ്യാഭ്യാസ പരിശീലന ഇൻസ്റ്റിറ്റ്യൂട്ട് (ഡയറ്റ് ) തൃശൂർ.

# ഫോക്കസ് 2021.

## എസ്.എസ്.എൽ.സി വിദ്യാർത്ഥികൾക്കുള്ള പഠന സഹായി.

## Support Materials for SSLC March 2021.

**അക്കാദമിക സഹായം.**

ജില്ലാ വിദ്യാഭ്യാസ പരിശീലന ഇൻസ്റ്റിറ്റ്യൂട്ട് കോഴിക്കോട്.

ജില്ലാ വിദ്യാഭ്യാസ പരിശീലന ഇൻസ്റ്റിറ്റ്യൂട്ട് ഇടുക്കി.

നിർമ്മാണ ചുമതല : സി എം ഡി ഇ വിഭാഗം ഡയറ്റ് തൃശൂർ.

**പ്രസിദ്ധീകരിച്ചത് : 2021 ഫെബ്രുവരി.**

പ്രിയ കുട്ടികളേ,

സ്കൂളിൽ പോയി കൂട്ടുകാരോടൊപ്പമിരുന്ന് അധ്യാപകരുടെ ക്ലാസ്സുകൾ കേൾക്കാനും പഠന പ്രവർത്തനങ്ങൾ നിർവ്വഹിക്കാനും കഴിയാത്ത ഒരു അധ്യയന വർഷമാണ് കടന്നു പോകുന്നത്. ലോകത്തെ മുഴുവൻ ഗ്രസിച്ച കോവിഡ് 19 രോഗബാധ നമ്മുടെ സാധാരണ അധ്യയന രീതികളെയാകെ പുനഃസംവിധാനം ചെയ്യാൻ പ്രേരിപ്പിച്ചു. സംസ്ഥാനതലത്തിൽ ഫസ്റ്റ് ബെൽ ഓൺലൈൻ ക്ലാസ്സുകൾ മുഴുവൻ വിദ്യാർത്ഥികൾക്കും ലഭ്യമാക്കുകയും അധ്യാപകരുടെ പിന്തുണയോടെ പഠന പ്രകിയ പൂർത്തിയാക്കുകയുമാണ് നാം ചെയ്തത്. ഇനിയുള്ളത് കുട്ടികളുടെ സംശയ പരിഹരണത്തിനും പരീക്ഷാ തയ്യാറെടുപ്പിനു മായുള്ള ദിനങ്ങളാണ്. ആത്മവിശ്വാസത്തോടെ എസ്.എസ്.എൽ.സി.പരീക്ഷ നേരിടുന്നതിനായി കുട്ടികളെ സുസജ്ജരാക്കേണ്ടതുണ്ട്. പരീക്ഷയ്ക്കായി കൂടുതൽ ഊന്നൽ നൽകി പഠിക്കേണ്ട പാഠ ഭാഗങ്ങൾ എസ്.സി.ആർ.ടി.നിർദേശിച്ചിട്ടുണ്ട്.

തൃശൂർ ഡയറ്റിന്റെ അക്കാദമിക നേതൃത്വത്തിൽ കോഴിക്കോട്, ഇടുക്കി ഡയറ്റുകളുടെ സഹകരണത്തോടെ എസ്.എസ്.എൽ.സി. ഫോക്കസ് ഏരിയകളെ ആധാരമാക്കിയുള്ള പ്രവർത്തനങ്ങൾ അടങ്ങിയ പഠന സഹായി തയ്യാറാക്കിയിരിക്കുകയാണ്. പരീക്ഷയുടെ തയ്യാറെടുപ്പുകൾക്കായി നേരിട്ട് അധ്യയനം ആരംഭിച്ച സാഹചര്യത്തിൽ പഠന പ്രവർത്തനങ്ങൾക്കായി അധ്യാപകരും വിദ്യാർത്ഥികളും **"ഫോക്കസ് 2021"** പഠന സഹായി ഫലപ്രദമായി ഉപയോഗിക്കുമെന്നും അത് അവരെ വിജയത്തിലേക്ക് നയിക്കുമെന്നും പ്രതീക്ഷിക്കുന്നു.

**ശ്രീമതി എൻ.ഗീത**
വിദ്യാഭ്യാസ ഉപഡയറക്ടർ
തൃശൂർ

**ശ്രീ. ടി .അബ്ദുൾ നാസിർ**
പ്രിൻസിപ്പൽ,ഡയറ്റ്
തൃശൂർ

# മലയാളം

**കേരളപാഠാവലി**

**യൂണിറ്റ് 1**

# കാലാതീതം കാവ്യവിസ്മയം

പാഠഭാഗങ്ങൾ :-
*ലക്ഷ്മണസാന്ത്വനം (എഴുത്തച്ഛൻ)
*ഋതുയോഗം (എ.ആർ.രാജരാജവർമ്മ)
*പാവങ്ങൾ (വിക്ടർ ഹ്യൂഗോ)

**പ്രവേശകം:**

കവികൾക്ക് ലോകമെമ്പാടും
ഒരു ഭാഷയേയുള്ളൂ;
ഇലകൾക്കും തത്തകൾക്കും
ഗൗളികൾക്കുമെന്നതുപോലെ.

**കവികളുടെ ഭാഷ-സച്ചിദാനന്ദൻ**

.......................................................................................................................

**ആശയസൂചനകൾ :-**

* ലോകത്തെമ്പാടും കവികൾക്ക് ഒരു ഭാഷയേയുള്ളൂ
* ഇലകളുടെ മർമ്മരവും തത്തകളുടെ കൊഞ്ചലും ,ഗൗളിയുടെ ചിലയ്ക്കലും ലോകത്തെല്ലായിടത്തും ഒരുപോലെയാണ്..
* മനുഷ്യൻ ആശയവിനിമയത്തിന് ഉപയോഗിക്കുന്ന ഭാഷ വ്യത്യസ്തമായേക്കാം.. ലോകത്ത് ഒരുപാട് ഭാഷകളുണ്ടല്ലോ!
* വ്യത്യസ്ത ഭാഷകളിലാണ് എഴുതുന്നതെങ്കിലും കവിതയുടെ പൊതുസ്വഭാവത്തിന് മാറ്റമില്ല .
* ലോകത്തെമ്പാടുമുള്ള കവികൾ വികാരങ്ങൾ ആവിഷ്കരിക്കുന്നത് ഒരുപോലെയാണ്.
* മനുഷ്യനന്മയാണ് കവികളുടെ ലക്ഷ്യം..

.......................................................................................................................

# ലക്ഷ്മണസാന്ത്വനം

എഴുത്തച്ഛൻ

**പാഠസംഗ്രഹം:**

ശ്രീരാമന്റെ അഭിഷേകം മുടങ്ങിയതറിഞ്ഞ് അത്യന്തം കോപിഷ്ഠനായ ലക്ഷ്മണനെ ജ്യേഷ്ഠൻ ഉപദേശിക്കുന്നു.തന്നോടുള്ള സ്നേഹം കൊണ്ടാണ് ലക്ഷ്മണൻ ഇങ്ങനെ വൈകാരികമായി പ്രതികരിച്ചതെന്ന് ശ്രീരാമനറിയാം.മനുഷ്യജീവിതം ക്ഷണികമാണ്. കോപമത്സരങ്ങൾക്കൊണ്ട് യാതൊരു ഗുണവുമില്ല.. ദേഹംകൊണ്ടുള്ള അഹങ്കാരം നന്നല്ല. രാജ്യദേഹാദികൾ സത്യമല്ല..അതെപ്പോൾ വേണമെങ്കിലും നഷ്ടമാകാം. ബന്ധുമിത്രദികളോടൊത്തുള്ള കൂടിച്ചേരൽ അല്പകാലത്തേയ്ക്ക് മാത്രമാണ്. താൻ ബ്രാഹ്മണനാണ്,ആഢ്യനാണ്,നരേന്ദ്രനാണ് എന്നൊക്കെ അഹങ്കരിക്കുന്ന ശരീരം മറ്റൊരു ജന്തുവിന് ഭക്ഷണമാകാം,വെന്തു വെണ്ണീറായിത്തീർന്നേക്കാം..മണ്ണിലലിഞ്ഞു കൃമികളായി മാറിടാം..അതിമോഹം ആപത്താണ്.ജീവിതത്തിലെ എല്ലാ അധർമ്മങ്ങൾക്കും കാരണം അറിവില്ലായ്മയാണ്.. സ്വന്തം ശരീരത്തിൽ അഹങ്കരിക്കുന്ന മനുഷ്യൻ വിവേകം നഷ്ടപ്പെട്ട് അധർമ്മങ്ങൾ ചെയ്യുന്നു..ക്രോധത്തിനടിമപ്പെട്ട മനുഷ്യൻ ബന്ധുക്കളെന്നോ മിത്രങ്ങളെന്നോ നോക്കാതെ കൊലപാതകങ്ങൾ വരെ ചെയ്യുന്നു..ക്രോധം ജീവിതദുഃഖങ്ങൾക്ക് കാരണമാകുന്നു..അറിവിലൂടെ ക്രോധത്തെ പരിത്യജിക്കണമെന്ന് ശ്രീരാമൻ ലക്ഷ്മണനെ ഉപദേശിക്കുന്നു..

**പട്ടിക:**

| സാഹിത്യകാരൻ | കൃതി | പ്രസ്ഥാനം | പാഠം |
|---|---|---|---|
| എഴുത്തച്ഛൻ | അദ്ധ്യാത്മരാമായണം | കിളിപ്പാട്ട് | ലക്ഷ്മണസാന്ത്വനം |
| കാളിദാസൻ<br><br>എ.ആർ. രാജരാജവർമ്മ | അഭിജ്ഞാന ശാകുന്തളം<br><br>മലയാള ശാകുന്തളം (വിവർത്തനം) | നാടകം<br><br>നാടകം | ഋതുയോഗം |
| വിക്ടർ ഹ്യൂഗോ<br><br>നാലപ്പാട്ട് നാരായണമേനോൻ | ലാ മിറാബലെ (ഫ്രഞ്ച് )<br><br>പാവങ്ങൾ (വിവർത്തനം) | നോവൽ<br><br>നോവൽ | പാവങ്ങൾ |

## ലക്ഷ്മണസാന്ത്വനം-ആശയചാർട്ട്

**ശ്രീരാമൻ ലക്ഷ്മണന് നൽകുന്ന ഉപദേശങ്ങൾ:**

| ജീവിതത്തിന്റെ നശ്വരത | ദേഹത്തേക്കാൾ ആത്മാവിനു പ്രാധാന്യം | ക്രോധം വെടിയണം |
|---|---|---|
| *സുഖഭോഗങ്ങൾ നിറഞ്ഞ ജീവിതം ശാശ്വതമല്ല<br><br>*ഐശ്വര്യം യൗവ്വനം എന്നിവ സ്ഥിരമല്ല<br><br>*സുഖഭോഗങ്ങൾ മിന്നൽ പോലെ ക്ഷണികം<br><br>*ചുട്ടുപഴുത്ത ലോഹത്തകിടിൽ വീണലിയുന്ന ജലകണികപോലെ ജീവിതം ക്ഷണികം<br><br>*കുടുംബജീവിതം പെരുവഴിയമ്പലത്തിലെ കൂടിചേരൽ പോലെ അസ്ഥിരം<br><br>*ഒന്നിച്ചൊഴുകിയിരുന്ന തടിക്കഷണങ്ങൾ നദീപ്രവാഹത്തിനനുസരിച്ച് വേർപിരിഞ്ഞൊഴുകുന്നതു പോലെ അസ്ഥിരമാണ് കുടുംബജീവിതം | *ദേഹംപ്രതി അഹങ്കരിക്കരുത്<br><br>*ദേഹം പെട്ടെന്ന് നശിക്കും<br><br>*ജന്തുക്കൾ ഭക്ഷിച്ച് കാഷ്ഠമായിത്തീരും<br><br>*കൃമികളായും ചാരമായും മാറുന്നു<br><br>*ദേഹാഹങ്കാരത്താൽ ലോകം നശിപ്പിക്കാം എന്ന ചിന്ത അറിവില്ലായ്മയിൽ നിന്നാണ് ഉണ്ടാകുന്നത്..<br><br>*ദേഹമാണ് ഞാനെന്ന ചിന്ത അവിദ്യയിൽ നിന്നും ജനിക്കുന്നു<br><br>*മോഹത്തെ ഇല്ലാതാക്കുന്നത് വിദ്യയാണ് | *ദേഹാഭിമാനികൾക്ക് ക്രോധം ദോഷങ്ങൾ ഉണ്ടാക്കുന്നു<br><br>*ക്രോധം മുക്തിക്കു വിഘ്നം വരുത്തുന്നു.<br><br>*ധർമ്മം ഇല്ലാതാക്കുന്നു<br><br>*ബന്ധങ്ങൾ മറന്ന് കൊലപാതകം വരെ ചെയ്യുന്നു<br><br>*മനസ്താപം ഉണ്ടാക്കുന്നു<br><br>*ജീവിതദുരിതങ്ങൾക്ക് കാരണമാകുന്നു |

4

## സാദൃശ്യകല്പനകൾ

**ചേരുംപടി ചേർത്ത് നോക്കാം**

| വർണ്ണിക്കുന്നത് | സാദൃശ്യപ്പെടുത്തുന്ന വസ്തു |
|---|---|
| *ഭോഗങ്ങൾ<br><br>*അസ്ഥിരമായ മനുഷ്യജന്മം<br><br>*സുഖഭോഗങ്ങൾക്ക് പിന്നാലെ പായുന്ന മനുഷ്യജന്മം<br><br>*കാലം<br><br>*കുടുംബബന്ധങ്ങൾ<br><br>*പുത്രമിത്രാർത്ഥകളത്രാദിസംഗമം | *ക്ഷണപ്രഭ മിന്നൽ<br><br>*ചുട്ടുപഴുത്ത ലോഹത്തകിടിൽ വീഴുന്ന ജലകണിക<br><br>*പാമ്പിന്റെ വായിലകപ്പെട്ട തവള ഭക്ഷണത്തിന് ആഗ്രഹിക്കുന്നു<br>*പാമ്പ്<br><br>*സത്രത്തിലൊത്തുകൂടുന്ന വഴിയാത്രക്കാരുടെ വേർപിരിയൽ<br><br>*നദിയിലൂടെ ഒന്നിച്ചൊഴുകിയ തടിക്കഷണങ്ങൾ വേർപിരിഞ്ഞൊഴുകുന്നത് |

ഞാനീ വരികളിലുണ്ട് ..
എന്നെ കണ്ടെത്താമോ ?
*ആദ്യാക്ഷരം ഒരുപോലെ വരുന്ന ഈരടിയാണ് ഞാൻ (**ആദ്യാക്ഷരപ്രാസം)**
*രണ്ടാമത്തെ അക്ഷരം എന്നിൽ ഒരുപോലെയാണ് (**ദ്വിതീയാക്ഷരപ്രാസം)**
*ഞാൻ ഒരുപോലെ അവസാനിക്കുന്നു (**അന്ത്യാക്ഷരപ്രാസം)**

"വത്സ!സൗമിത്രേ! കുമാര! നീ കേൾക്കണം
മത്സരാദ്യം വെടിഞ്ഞെന്നുടെ വാക്കുകൾ "

"താക്കോൽ കൊടുക്കാതരുണോദയത്തിൽ
താനേ മുഴങ്ങും വലിയൊരലാറം "

"കരിമുകിലൊത്ത ചികുരഭാരവും
മണികൾ മിന്നിടും മണിക്കിരീടവും"

എന്നെ അറിയാമോ?

*പത്രങ്ങളിലും ആനുകാലിക പ്രസിദ്ധീകരണങ്ങളിലും ഞാൻ ഒന്നാം സ്ഥാനത്ത് നിൽക്കുന്നു
* ഏത് കാര്യത്തെക്കുറിച്ചും വസ്തുനിഷ്ഠവും സമഗ്രവും നിഷ്പക്ഷവുമായ കാഴ്ച്ചപ്പാട് എനിക്കുണ്ട്
*നിങ്ങൾ എന്നെ പരിചയപ്പെടുമ്പോൾ താഴെ പറയുന്ന കാര്യങ്ങൾ ശ്രദ്ധിക്കണം
വിഷയസൂചന
വിഷയവിശകലനം
സ്വന്തം നിരീക്ഷണം
പ്രശ്നപരിഹാരം (ആഹ്വാനം/പ്രതീക്ഷ/പ്രശംസ)
ഞാൻ മുഖപ്രസംഗം എന്ന പേരിലോ എഡിറ്റോറിയൽ എന്ന പേരിലോ നിങ്ങളുടെ മുന്നിലെത്താം
എഡിറ്റോറിയൽ സവിശേഷതകൾ പരിചയപ്പെട്ടല്ലോ!

എങ്കിൽ ഒരു എഡിറ്റോറിയൽ തയ്യാറാക്കാം
വിഷയം-
ക്രോധം-സമകാലികപ്രസക്തി
(തലക്കെട്ട് നൽകാം)
*ക്രോധത്തിനടിമപ്പെട്ട മനുഷ്യൻ ബന്ധങ്ങൾ പരിഗണിക്കാതെ കൊലപാതകങ്ങൾ വരെ നടത്തുന്നു.
*ക്രോധം മൂലമുണ്ടാകുന്ന പ്രശ്നങ്ങൾ പാഠഭാഗത്തുനിന്നും കണ്ടെത്തുന്നു.
*അറിവില്ലായ്മയാണ് ക്രോധത്തിന് കാരണം..
*ക്രോധം സർവ്വനാശകം
*ക്രോധം വെടിയേണ്ടതിന്റെ ആവശ്യകത
*വിദ്യാഭ്യാസമാണ് ക്രോധത്തെ മറി കടക്കാനുള്ള മാർഗ്ഗം
(ബോധവത്കരണം -സന്ദേശം-ആഹ്വാനം)

## 1 മാർക്ക് ചോദ്യങ്ങൾ

1, "പുത്രമിത്രാർത്ഥകളത്രാദിസംഗമം "എന്ന വരി
പുത്ര,മിത്ര,കളത്രം,ആദി,സംഗമം എന്ന് എഴുതാമെങ്കിൽ

"വഹ്നിസന്തപ്തലോഹസ്ഥാംബുബിന്ദുനാം"
എന്ന വരി എങ്ങനെ വേർതിരിച്ച് എഴുതാം?

ഉ: വഹ്നി,സന്തപ്ത,ലോഹസ്ഥ,അംബു,ബിന്ദു

2, ക്ഷണപ്രഭാചഞ്ചലം വിഗ്രഹിച്ചെഴുതിയാൽ...?
ഉ: ക്ഷണപ്രഭപോലെ ചഞ്ചലമായത്

3, "വഹ്നിസന്തപ്തലോഹസ്ഥാംബുബിന്ദുനാം-
സന്നിഭം മർത്യജന്മം ക്ഷണഭംഗുരം"
എന്ന വരികളിലൂടെ സൂചിതമാകുന്ന ആശയം?
ഉ: ജീവിതത്തിന്റെ ക്ഷണികതയെ

4, എഴുത്തച്ഛൻ സ്വപ്നസമാനം എന്ന് വിശേഷിപ്പിച്ചിരിക്കുന്നത്
എന്തിനെയായാണ്?
ഉ: കളത്രസുഖത്തെ

## 2 മാർക്ക് ചോദ്യങ്ങൾ

5, "നന്നല്ല ദേഹം നിമിത്തം മഹാമോഹം"
ഈ വരികളുടെ അടിസ്ഥാനമെന്ത്?
ഉ : അഹംബുദ്ധികൊണ്ട് മനുഷ്യൻ താൻ
ബ്രാഹ്മണനാണ്,രാജാവാണ്,ഉന്നതകുലജാതനാണ്
എന്നൊക്കെ പറഞ്ഞ് അഹങ്കരിക്കും...
എന്നാൽ ആ ശരീരം ജന്തുക്കൾ ഭക്ഷിച്ച് കൃമികളായി തീരാനുള്ളതാണ് .
അതിനാൽ ദേഹം നിമിത്തമുള്ള അഹങ്കാരം നന്നല്ല..

6, രാഗാദിസങ്കുലമായുള്ള സംസാരമാകെ നിരൂപിക്കിൽ സ്വപ്നതുല്യം സഖേ !
അടിവരയിട്ട പ്രയോഗം നൽകുന്ന സവിശേഷ അർത്ഥമെന്ത് ?
ഉ; അനുരാഗപൂർണ്ണമായ ജീവിതം വളരെ വേഗം കടന്നു പോകുന്നു..
അവയൊന്നും യാഥാർത്ഥ്യമല്ല..
സ്വപ്നം പോലെയാണ് ജീവിതം..
അതെപ്പോൾ വേണമെങ്കിലും നിലച്ചു പോയേക്കാം

## 4 മാർക്ക് ചോദ്യങ്ങൾ

7, ” നിന്നാലസാധ്യമായില്ലൊരു കർമ്മവും
      നിർണ്ണയമെങ്കിലുമൊന്നിതു കേൾക്ക നീ"

ജീവിതത്തിന്റെ നശ്വരതയെ കാണിക്കാൻ ശ്രീരാമൻ എന്തെല്ലാം
കാര്യങ്ങളാണ് ഉപദേശിക്കുന്നത്?

സൂചനകൾ:

*പ്രപഞ്ചം,രാജ്യം ധാന്യം ധനം എന്നിവ സ്ഥിരമല്ല
*സുഖഭോഗങ്ങൾ മിന്നൽപ്പിണർ പോലെ ക്ഷണികമാണ്
*ജീവിതം ഒരു സ്വപ്നം പോലെയാണ്

8 "വഹ്നിസന്തപ്ത ലോഹസ്ഥാംബുബിന്ദുനാം
സന്നിഭം മർത്യജന്മം ക്ഷണഭംഗുരം "
ജീവിതത്തിന്റെ ക്ഷണികതയെ വ്യാഖ്യാനിക്കാൻ ഈ വരികൾക്ക്
എത്രമാത്രം കഴിയുന്നുണ്ട്?

സൂചനകൾ:-

*മനുഷ്യജീവിതം ചുട്ടുപഴുത്ത ലോഹത്തകിടിൽ വീണ ജലകണിക പോലെയാണ്.
*മനുഷ്യബന്ധങ്ങളെല്ലാം അല്പകാലം മാത്രം
*നിസ്സാരമായ ജീവിതം നന്മയിലൂടെ അർത്ഥപൂർണ്ണമാക്കാൻ ശ്രമിക്കുക

## 6 മാർക്ക് ചോദ്യങ്ങൾ

9, ലക്ഷ്മണസാന്ത്വനം എന്ന പാഠഭാഗത്ത് ലോകത്തെ മുഴുവൻ
ഉപദേശിക്കുന്ന മഹാനായ ആചാര്യനെയാണ് നമുക്ക്  കാണാൻ കഴിയുക.

പാഠഭാഗത്തെ അടിസ്ഥാനമാക്കി എഴുത്തച്ഛന്റെ തത്ത്വചിന്തയെക്കുറിച്ച്
ഉപന്യാസം തയ്യാറാക്കുക?

സൂചനകൾ

*തത്ത്വചിന്തയും ഭക്തിയും  ഇടകലർന്നതാണ് എഴുത്തച്ഛന്റെ കവിതകൾ
*ലക്ഷ്മണനെ സാന്ത്വനിപ്പിക്കാൻ ശ്രീരാമൻ പറയുന്ന വാക്കുകൾ
ലോകത്തോടുള്ള എഴുത്തച്ഛന്റെ ഉപദേശം തന്നെയാണ്.
*കാമം,ക്രോധം,ലോഭം,മോഹം,മദം, മത്സരം എന്നിവയിൽ നിന്ന് രക്ഷ
നേടിയാൽ മാത്രമേ മനുഷ്യന് മോക്ഷം ലഭിക്കുകയുള്ളൂ.

# ദ്ദുതയോഗം

**മലയാളശാകുന്തളം -എ ആർ രാജരാജവർമ്മ**

**കഥാസംഗ്രഹം**

കാളിദാസൻ രചിച്ച സംസ്കൃത നാടകമാണ് അഭിജ്ഞാനശാകുന്തളം.
വിവർത്തനമാണ് എ ആർ രാജരാജവർമ്മയുടെ "മലയാളശാകുന്തളം"
ഹസ്തിനപുരിയിലെ രാജാവായ ദുഷ്യന്തൻ ഗന്ധർവ്വവിധി പ്രകാരം വിവാഹം ചെയ്ത ശകുന്തളയെ ദുർവ്വാസാവിന്റെ ശാപത്താൽ മറന്നു പോകുന്നു..
കണ്വശിഷ്യരോടൊപ്പം രാജധാനിയിലെത്തിയ ശകുന്തള അപമാനിതയായി തിരിച്ചയക്കപ്പെട്ടു..മോഹാലസ്യപ്പെട്ട് വീണ ശകുന്തളയെ മാതാവായ മേനക കശ്യപന്റെ ആശ്രമത്തിലാക്കുന്നു..അവിടെ വെച്ച് അവൾ സർവ്വദമനന് ജന്മം നൽകുന്നു..
വർഷങ്ങൾക്ക് ശേഷം ദേവാസുരയുദ്ധം കഴിഞ്ഞു മടങ്ങും വഴി ദുഷ്യന്തൻ കാശ്യപാശ്രമത്തിലെത്തുന്നു.
അവിടെ വെച്ച് ബാലപ്രായമെത്തിയ സർവ്വദമനനെ കാണുന്നു..
സിംഹക്കുട്ടിയുടെ വായ് പൊളിച്ച് പല്ലെണ്ണാൻ ശ്രമിക്കുന്ന വീരനായ ബാലനെ രാജാവ് കൗതുകത്തോടെ നോക്കി നിൽക്കുന്നു.
താപസിയുടെ അഭ്യർത്ഥന പ്രകാരം രാജാവ് സർവ്വദമനനെ പിടിച്ച് മാറ്റുന്നു..
അവന്റെ കയ്യിൽ നിന്നും തറയിൽ വീണ രക്ഷ  രാജാവ് കെട്ടിക്കൊടുക്കുന്നു..
മാരീച ഭഗവാൻ നൽകിയ അപരാജിത എന്ന രക്ഷ താഴെ വീണാൽ -താനും അവന്റെ മാതാപിതാക്കളുമല്ലാതെ മറ്റൊരാൾ കെട്ടിക്കൊടുക്കരുത്..
രക്ഷ സർപ്പമായി വന്നു എടുത്തവനെ കടിക്കും..
സർവ്വദമനൻ തന്റെ മകനാണെന്ന് രാജാവിന് ബോധ്യമായി..
അവർ ഒരുമിച്ച് ശകുന്തളയെ കണ്ടു...
ശാപഫലമായിട്ടാണെങ്കിലും ചെയ്തു പോയ തെറ്റിന് രാജാവ് ശകുന്തളയുടെ കാൽക്കൽ വീണ് മാപ്പ് ചോദിക്കുന്നു..
ദേവമാതാപിതാക്കളായ മാരീചന്റെയും അദിതിയുടെയും സാന്നിധ്യത്തിൽ ദുഷ്യന്തൻ ശകുന്തളയെ സ്വീകരിക്കുന്നു..

## 1 മാർക്ക് ചോദ്യങ്ങൾ

1,ദ്ദുതയോഗം ഉൾപ്പെടുന്ന കൃതിയേത്?
ഉ: അഭിജ്ഞാനശാകുന്തളം
2 "അരുത് ഉണ്ണീ ചാപല്യം കാണിക്കരുത്.ജാതിസ്വഭാവം വന്നുപോകുന്നുവല്ലോ!" അടിവരയിട്ട പദം സൂചിപ്പിക്കുന്നത്?
ഉ: ക്ഷത്രിയബാലനാണെന്ന സൂചന
3 സർവ്വദമനൻ എന്ന വാക്കിന്റെ ശരിയായ അർത്ഥം ?
ഉ: എല്ലാറ്റിനെയും അടക്കുന്നവൻ

4 "എരിയാൻ വിറകിന്ന് കാത്തിട്ടും
പൊരിയായുള്ളോരു ഹവ്യവാഹന് "
ഇവിടെ സൂചിപ്പിക്കുന്നത് ആരെ ?
ഉ: സർവ്വദമനനെ

5, "ധർമ്മപത്നിയെ ഉപേക്ഷിച്ച അയാളുടെ നാമധേയം ആര് ഉച്ചരിക്കും"
എ ) ഈ വാക്യത്തിൽ സൂചിപ്പിക്കുന്നത് ആരെ?
ബി) ഇവിടെ നിഴലിക്കുന്ന ഭാവം?
ഉ: എ -ദുഷ്യന്തനെ
ബി-പുച്ഛം

6, "എന്ത്! എന്റെ വംശം തന്നെയോ?"
പരാമർശിക്കുന്ന വംശമേത്?
ഉ - പുരുവംശം

7, "ഇത് വൈഷമ്യക്കാരനാണ് .അന്ന് ആര്യപുത്രനെ
ഓർമ്മിപ്പിക്കുവാൻ ആവശ്യപ്പെട്ടപ്പോൾ കിട്ടാതെ പോയല്ലോ!"
സൂചിപ്പിക്കുന്നത് എന്ത്?
ഉ- മുദ്രമോതിരം

8," വള്ളി ഋതുയോഗത്തിന്റെ ചിഹ്നമായ പുഷ്പത്തെ ധരിക്കട്ടെ "
സൂചിപ്പിക്കുന്ന ആശയം എന്ത്?
ഉ - ശകുന്തള മുദ്രമോതിരം ധരിക്കട്ടെ

9, ഇവനുടെ കുലവില്ലാലസ്സൂകാര്യം നടന്നി-
ട്ടിവനു കൊടിയ വജ്രഭൂഷണമായി "
കൊടിയ വജ്രം ഭൂഷണമാകാനുള്ള കാരണമെന്ത്?

ഉ - ദുഷ്യന്തൻ ശത്രുക്കളെ നിഗ്രഹിച്ചതുകൊണ്ട്

10, സർവ്വദമനന്റെ കൈകൾ കണ്ട് രാജാവ് ആശ്ചര്യപ്പെട്ടത് എന്തുകൊണ്ട്?
ഉ- ചക്രവർത്തി ലക്ഷണം കണ്ടതുകൊണ്ട് .

11, "ചെറുപാമ്പ് ചന്ദനമരത്തിലെന്ന പോലെ "- ഈ പ്രയോഗം സൂചിപ്പിക്കുന്ന ആശയം?
ഉ - ബാലന്റെ ആശ്രമ വിരുദ്ധ പ്രവൃത്തി .

## 2 മാർക്ക് ചോദ്യങ്ങൾ

1, താപസി ദുഷ്യന്തനെ നോക്കി "ആശ്ചര്യം ആശ്ചര്യം " എന്ന് പറയാൻ കാരണമെന്ത്?
സൂചന:
* സർവ്വദമനനും രാജാവിനും ഒരേ ഛായ..
* മുൻപരിചയമില്ലാതിരുന്നിട്ടും ബാലൻ രാജാവിന് വഴങ്ങിയത്.

2, "ഇതെന്റെ ആര്യപുത്രനെപ്പോലെ ഇരിക്കുന്നില്ലല്ലോ!
പിന്നെ ആരാണ് രക്ഷ കെട്ടാതിരുന്ന എന്റെ കുഞ്ഞിനെ തൊട്ടു ദുഷിപ്പിക്കുന്നത്?"
ശകുന്തള ഇങ്ങനെ കരുതാൻ കാരണം?
സൂചന: ശകുന്തളയെ അറിയാതെയാണെങ്കിലും ഉപേക്ഷിക്കേണ്ടി വന്നതിലെ പശ്ചാത്താപത്താൽ രാജാവ് തിരിച്ചറിയാനാകാത്ത വിധം മാറിപ്പോയിരുന്നു.

## 4 മാർക്ക് ചോദ്യങ്ങൾ

1, ആശ്രമത്തിൽ കണ്ടയുടൻ ബാലൻ തന്റെ മകനാണെന്ന് ദുഷ്യന്തൻ ഉറപ്പിക്കുന്നു.
എന്തെല്ലാം സൂചനകളാണ് ഋതുയോഗമെന്ന പാഠഭാഗത്തുള്ളത്?
സൂചന..
* പ്രഥമദൃഷ്ടിയിൽ തന്നെ ദുഷ്യന്തന് സർവ്വദമനനോട് തോന്നിയ പുത്രസഹജമായ സ്നേഹം
* കയ്യിലെ ചക്രവർത്തി ലക്ഷണം
*കുട്ടിയുടെ കയ്യിൽ കെട്ടിയ രക്ഷ
*വംശം, മുഖച്ഛായ
* താപസിമാർ പറഞ്ഞ പരാമർശങ്ങൾ

2, സർവ്വദമനന്റെ കയ്യിൽ കെട്ടിയിരിക്കുന്ന രക്ഷ ഋതുയോഗത്തിൽ വഴിത്തിരിവുണ്ടാക്കാൻ നിർണ്ണായക പങ്ക് വഹിക്കുന്നു.
ഈ പ്രസ്താവനയോട് പ്രതികരിച്ച് കുറിപ്പ് തയ്യാറാക്കുക?
സൂചനകൾ:
* സിംഹക്കുട്ടിയുമായി കളിക്കുന്ന ബാലന്റെ ആകർഷകത്വം.
* കുട്ടിയെ പിടിച്ചു മാറ്റാൻ താപസി സഹായം ആവശ്യപ്പെടുന്നത്.
* ദുഷ്യന്തന് തോന്നുന്ന പുത്ര വാത്സല്യം
* അഴിഞ്ഞ് വീണ രക്ഷ കെട്ടിക്കൊടുക്കുന്നത്
* താപസിമാർ ആശ്ചര്യപ്പെടുന്നത്.
* രക്ഷയുടെ സവിശേഷതകൾ
* ശകുന്തളയെ തിരിച്ചറിയുന്നതും സ്വീകരിക്കുന്നതും

3,**ശീർഷകത്തിന്റെ ഔചിത്യം-ഋതുയോഗം**

സൂചനകൾ:

* വസന്താഗമം - ഋതുക്കളിൽ വെച്ച് ശ്രേഷ്ഠ വും സുന്ദരവുമാണ് വസന്തം.
* വസന്തത്തിൽ ലതകൾ പൂവണിയുന്നു ..
* ദുഷ്യന്തനുമായുള്ള പുന:സമാഗമത്തിൽ വസന്തത്തിൽ ലതകളെന്ന വിധം ശകുന്തള സന്തോഷിക്കുന്നത്-
മനസ്സിൽ ആനന്ദമാകുന്ന പൂക്കൾ വിടരുന്നത്.
* വരാൻ പോകുന്ന സൗഭാഗ്യത്തിന്റെ സൂചനകൾ
* ഋതുയോഗം പോലെ കൂടിച്ചേരൽ

4, **കഥാപാത്ര നിരൂപണം**

**സർവ്വദമനൻ**

സൂചനകൾ :-

* സർവ്വദമനൻ - എല്ലാറ്റിനേയും കീഴടക്കുന്നവൻ
* അമ്മയുടെ മുല കുടിച്ചു നിൽക്കുന്ന സിംഹക്കുട്ടിയുടെ കുഞ്ചിരോമങ്ങൾ പിടിച്ച് വലിക്കുന്നത് ..
* പല്ലെണ്ണാൻ ശ്രമിക്കുന്നത്.
*ബാല്യത്തിന്റെ കുസൃതിയും നിഷ്കളങ്കതയും
* സന്ദർഭത്തിനനുസരിച്ച് സമർത്ഥമായി പ്രതികരിക്കുന്നു.
* ജാതിസ്വഭാവം - ക്ഷത്രിയഭാവം, വീരലക്ഷണങ്ങൾ.
* ആരെയും ആകർഷിക്കുന്ന സ്വഭാവം.

5,**ചമത്കാരഭംഗി/അലങ്കാരഭംഗി -**

സാദൃശ്യ കൽപ്പനകൾ :

| | |
|---|---|
| *സർവ്വദമനൻ | * എരിയാൻ വിറകിനു കാത്ത് കിടക്കുന്ന തീപ്പൊരി |
| * കളിക്കോപ്പ് വാങ്ങുവാൻ നീട്ടുന്ന സർവ്വദമനന്റെ കൈകൾ | * പ്രഭാതത്തിൽ വിരിഞ്ഞു വരുന്ന താമരപ്പൂവ് |
| * ആശ്രമത്തിനു ചേരാത്ത പ്രവൃത്തി | * ചന്ദനമരത്തിലെ ചെറുപാമ്പ് |
| *ശാപത്താൽ ശകുന്തളയെ മറന്ന ദുഷ്യന്തൻ ശാപമകന്ന് ശകുന്തളയെ തിരിച്ചറിയുന്നത് | * രാഹുവിൽ നിന്നകന്ന് ചന്ദ്രൻ പ്രിയപത്നി രോഹിണിയോട് ചേരുന്നു |

6, ഋതുയോഗത്തിലെ നാടകീയ മുഹൂർത്തങ്ങൾ കാളിദാസന്റെ
രചനാതന്ത്രത്തെ  വെളിപ്പെടുത്തുന്നു-
പാഠഭാഗം വിശകലനം ചെയ്ത് കുറിപ്പ് തയ്യാറാക്കുക?

സൂചനകൾ:

*ആകസ്മികമായുള്ള ദുഷ്യന്തന്റെ രംഗപ്രവേശം
*സിംഹക്കുട്ടിയുമായി കളിച്ചുകൊണ്ടിരിക്കുന്ന സർവ്വദമനനെ കണ്ടുമുട്ടുന്നത്
*കളിക്കോപ്പിനായി കൈ നീട്ടുന്നത്
*കൈകളിലെ ചക്രവർത്തി ലക്ഷണം
*രാജാവിനും സർവ്വദമനനും തമ്മിലുള്ള മുഖസാദൃശ്യം
*ശകുന്തലാസ്യം എന്ന പ്രയോഗം
*രക്ഷ വീഴുന്നത്,ദുഷ്യന്തൻ അതെടുക്കുന്നത്.
*അപരാജിത എന്ന രക്ഷയുടെ സവിശേഷതകൾ
*ശകുന്തളയെ കാണുന്നത്

# പാവങ്ങൾ

---------------------------

**വിക്ടർ ഹ്യൂഗൊ**
**വിവർത്തനം: നാലപ്പാട്ട് നാരായണ മേനോൻ**

**പാവങ്ങൾ- ലോക സാഹിത്യത്തിലെ വിസ്മയം:**
ഫ്രഞ്ച് നോവൽ.ലാ മിറാബലെ.1862 ലാണ് രചന.
നാലപ്പാട്ട് നാരായണ മേനോൻ 1925 ലാണ് "പാവങ്ങൾ "എന്ന പേരിൽ മലയാളത്തിലേയ്ക്ക് വിവർത്തനം ചെയ്തത്.
ചരിത്രവും ജീവിതവും ഇട കലർന്ന അവതരണം.
മാനുഷിക മൂല്യങ്ങൾ ഉൾക്കൊള്ളാൻ കഴിയുന്ന രചന.
തെറ്റ് ചെയ്തവനോട് പൊറുക്കാൻ കഴിയുന്നത് ശിക്ഷയേക്കാൾ ഗുണം ചെയ്തേക്കാം..
ദാരിദ്ര്യവും അജ്ഞതയുമാണ് മനുഷ്യനെ തെറ്റുകളിലേയ്ക്ക് നയിക്കുന്നത്.
തെറ്റുകുറ്റങ്ങൾ ചെയ്തവനെ ശിക്ഷ കൊണ്ട് തിരുത്താനാവില്ലെന്നും സ്നേഹവും കാരുണ്യവും കൊണ്ട് മാനസാന്തരപ്പെടുത്താമെന്നും വെളിപ്പെടുത്തുന്ന കൃതി.
മനുഷ്യസങ്കടങ്ങൾ ഏത് കാലത്തും ഒരു പോലെയാണ്.
ദാരിദ്ര്യവും, അജ്ഞതയും നില നിൽക്കുന്ന കാലത്തോളം ഈ നോവൽ പ്രസക്തമാണ്.
ലോകമെമ്പാടുമുള്ള ദരിദ്രരായ ജനങ്ങളുടെ നേർക്കാഴ്ച്ച ഴാങ് വാൽ ഴാങിലൂടെ നോവലിസ്റ്റ് കാണിച്ചു തരുന്നു.

## 1 മാർക്ക് ചോദ്യങ്ങൾ

1, **<u>ഉപ്പു കൊണ്ടുള്ള പ്രതിമ</u>** പോലെ അയാൾ നിന്നേടത്തുതന്നെ മിഴിച്ചു നിന്നു.
അടിവരയിട്ട വാക്ക് ചേർത്തെഴുതുമ്പോൾ?
ഉ: ഉപ്പുപ്രതിമ
2, " **<u>വൃദ്ധമതാചാര്യൻ</u>** അടുക്കൽ നിന്നു തനിക്ക് കിട്ടിയതാണ് ആ സമ്മാനമെന്ന്"
അടിവരയിട്ട പദം വിഗ്രഹിച്ചാൽ?
ഉ: വൃദ്ധനായ മതാചാര്യൻ
3,"ഉപ്പു കൊണ്ടുള്ള പ്രതിമ പോലെ അയാൾ നിന്നേടത്തു തന്നെ മിഴിച്ചു നിന്നു "
ഈ വരികളിൽ തെളിയുന്ന ഴാങ് വാൽ ഴാങിന്റെ മാനസികാവസ്ഥ എന്ത്?
ഉ: നിർവ്വികാരത
4, "പോലീസുകാർ പോയി.ഴാങ് വാൽ ഴാങ് മോഹാലസ്യപ്പെട്ടു പോകുന്ന ഒരാളെപ്പോലെ കാണപ്പെട്ടു."
ഇത്തരത്തിലുള്ള ഒരവസ്ഥയിലേയ്ക്ക് അയാൾ എത്തിപ്പെടാനുള്ള കാരണം?
ഉ: അയാൾ ചെയ്ത തെറ്റ് ക്ഷമിച്ചു കൊണ്ടുള്ള മെത്രാന്റെ വാക്കുകൾ കേട്ടിട്ടാണ് അയാൾ ഇത്തരം ഒരു അവസ്ഥയിലെത്തിയത്.

## 2 മാർക്ക് ചോദ്യങ്ങൾ

1, "ആ നിലയ്ക്കുള്ള ഒരുത്തനെ അകത്ത് കടത്തുക! എന്നല്ല;
അവനവൻ കിടക്കുന്നതിന് അടുത്ത് കിടത്തുകയും!
ആ മനുഷ്യൻ കക്കുക മാത്രമല്ലേ ചെയ്യുള്ളൂ!
ഹാ! എന്റെ ഭഗവാനെ! അത് വിചാരിക്കുമ്പോൾ എനിക്ക് തടി വിറയ്ക്കുന്നു."
മദാം മഗ്ളോറുടെ വാക്കുകൾ സൂചിപ്പിക്കുന്നതെന്ത്?
ഉത്തരസൂചന:
* കുറ്റവാളിയാണെന്നറിഞ്ഞിട്ടും ഒരുവനെ വീട്ടിനകത്ത് പ്രവേശിപ്പിക്കാൻ തയ്യാറായ മെത്രാനോടുള്ള അതൃപ്തി
* മെത്രാനെ ഉപദ്രവിച്ചിരുന്നെങ്കിൽ എന്നോർത്തുള്ള ഭയം.

2, "ഉപ്പു കൊണ്ടുള്ള പ്രതിമ പോലെ അയാൾ നിന്നേടത്തു തന്നെ മിഴിച്ചു നിന്നു "
ഈ വരികളിൽ പ്രയോഗം നൽകുന്ന സൂചന എഴുതുക?
ഉത്തരസൂചന:
* താൻ പിടിക്കപ്പെട്ടാൽ ഉണ്ടാകാവുന്ന അപകടത്തെയോർത്തുള്ള നടുക്കം.
* ഉപ്പ് അലിഞ്ഞ് തീരുന്നത് പോലെ താൻ ഇല്ലാതാകുമെന്ന ചിന്തയും ഭയവും.

## 4 മാർക്ക് ചോദ്യങ്ങൾ

1, "ഴാങ് വാൽ ഴാങിന്റെ കണ്ണ് രണ്ടും മിഴിഞ്ഞുപോയി.
മനുഷ്യനെ കൊണ്ട് പറഞ്ഞറിയിക്കുവാൻ നിവൃത്തിയില്ലാത്ത ഒരു ഭാവവിശേഷത്തോടു കൂടി അയാൾ ആ വന്ദ്യനായ മെത്രാനെ തുറിച്ചു നോക്കി "
ഴാങ് വാൽ ഴാങിനെ ഇത്രയ്ക്ക് അത്ഭുതപ്പെടുത്തിയ പ്രവൃത്തി എന്ത്?
ഉത്തരസൂചന..
*ഴാങ് വാൽ ഴാങിനോട് ക്ഷമിച്ച മെത്രാന്റെ സമീപനം.
* പോലീസുകാരോട് വെള്ളി സാമാനങ്ങൾ സമ്മാനമായി നൽകിയതാണ് എന്ന് മെത്രാൻ പറഞ്ഞത്.
*കുറ്റത്തിന് ക്ഷമിക്കുന്ന പുതിയ മാതൃക കണ്ടപ്പോൾ.

2, "വെള്ളി സാമാനങ്ങൾ വളരെ കാലം സൂക്ഷിച്ചു പോന്നത് ഒരിക്കലും ശരിയായിട്ടല്ല;അത് പാവങ്ങളുടെയാണ്. ആ വന്ന മനുഷ്യൻ ആരായിരുന്നു? കാഴ്ച്ചയിൽ തന്നെ ഒരു പാവം "
മെത്രാന്റെ വാക്കുകൾ വിലയിരുത്തി സ്വാഭിപ്രായം കുറിക്കുക?
ഉത്തരസൂചന:
* ഭൂമിയിൽ ആരും ഒന്നിന്റെയും ഉടമസ്ഥരല്ല..
* എല്ലാവരും ഭൂമിയുടെ അവകാശികളാണ്
* വില പിടിപ്പുള്ള സാധനങ്ങൾ ഒരാളുടേത് മാത്രമായി സൂക്ഷിച്ചു വെയ്ക്കുന്നത് ശരിയല്ല എന്ന കാഴ്ച്ചപ്പാട്
* മനുഷ്യനന്മയിൽ ഊന്നിയ ജീവിതത്തിൽ ഭൗതിക വസ്തുക്കൾക്ക് യാതൊരു സ്ഥാനവുമില്ല.

3, "ഒരു കഷണം അപ്പം ഒരു കോപ്പ പാലിൽ മുക്കി കഴിക്കാൻ
ഒരാൾക്ക് മരം കൊണ്ടുള്ള മുള്ളും കയിലും കൂടി ആവശ്യമില്ല "
എന്ന വാക്കിലൂടെ തെളിയുന്ന ജീവിത ദർശനം?

ഉത്തര സൂചന:
* ജീവിതത്തിൽ ലാളിത്യത്തിനുള്ള പ്രാധാന്യം
* ഒരു മനുഷ്യന് ജീവിക്കുവാൻ ഒരുപാട് വിലപിടിപ്പുള്ള സാധനങ്ങളോ വലിയ സൗകര്യങ്ങളോ ആവശ്യമില്ല.
* അത്തരം വില കൂടിയ വസ്തുക്കൾ ജീവിതത്തിൽ സങ്കീർണ്ണത സൃഷ്ടിക്കാം .
* വില കൂടിയ വസ്തുക്കളുടെ നഷ്ടം തന്റെ ജീവിതത്തെ ഒരു തരത്തിലും ബാധിക്കില്ല എന്ന സന്ദേശം

4, **കഥാപാത്ര നിരൂപണം - മെത്രാൻ-മോൺസിന്യേർ**
*മാനവികതയുടെ മഹനീയ രൂപം
* പാപികളോട് പൊറുക്കുക എന്ന ക്രിസ്തുവചനം
* ആട്ടിയകറ്റപ്പെട്ടവന് താമസിക്കാൻ ഇടവും കഴിക്കാൻ ഭക്ഷണവും നൽകി.
*സ്നേഹവും കാരുണ്യവും ജീവിതത്തെ സുന്ദരമാക്കുന്നു.
* തെറ്റ് ചെയ്യുന്നവന് ശിക്ഷയല്ല നൽകേണ്ടത്.. മാനസാന്തരത്തിലൂടെ മാറ്റിയെടുക്കുകയാണ് വേണ്ടത്.
* സത്യത്തിന്റെ പാതയിലൂടെ ചരിക്കാൻ ആവശ്യപ്പെടുന്നു.
* ലളിതമായ ജീവിതത്തിലൂടെ മാതൃകയാകുന്നു..
*എല്ലാവരും ഭൂമിയുടെ അവകാശികളാണെന്ന നീതിബോധം
* വില പിടിപ്പുള്ളത് പാവങ്ങൾക്കു കൂടി അവകാശപ്പെട്ടതാണെന്ന ചിന്ത.

**5, കഥാപാത്ര നിരൂപണം-ഴാങ് വാൽ ഴാങ്**

ഉത്തരസൂചന:
* പാവങ്ങൾ എന്ന കൃതിയിലെ മുഖ്യ കഥാപാത്രം
* ചെറിയ കുറ്റത്തിന് വലിയ ശിക്ഷ അനുഭവിക്കേണ്ടി വന്ന മനുഷ്യൻ
* വിധവയായ സഹോദരിയും, അവരുടെ ഏഴ് മക്കളും പട്ടിണി കിടക്കുന്നത് കണ്ട് സഹിക്കാനാകാതെ റൊട്ടി മോഷ്ടിക്കുന്നത്.
*19 വർഷത്തെ ജയിൽ വാസം.
*എല്ലാവരാലും ആട്ടിയോടിക്കപ്പെട്ടവൻ
* കഴിക്കാൻ ഭക്ഷണവും താമസിക്കാനൊരിടവും നൽകിയ മെത്രാൻ
* മെത്രാൻ നൽകിയ സ്നേഹം മറന്ന് വെള്ളിപ്പാത്രങ്ങൾ മോഷ്ടിക്കുന്നത്.
* പോലീസുകാരാൽ പിടിക്കപ്പെടുന്നത്.
* മെത്രാൻ തെറ്റ് പൊറുത്ത് നൽകുന്നത്
* വിശ്വസിക്കാൻ കഴിയാതെ മോഹാലസ്യപ്പെടുന്നത്
* മാനസാന്തരപ്പെട്ട് സത്യത്തിന്റെ വഴി പിൻതുടരാൻ തീരുമാനിക്കുന്നത്.
* അറിവില്ലായ്മയും ദാരിദ്ര്യവും കുറ്റവാളിയെ സൃഷ്ടിക്കുന്നത്.
* പൊറുത്തു കൊടുക്കാവുന്ന കുറ്റങ്ങൾക്ക് വലിയ ശിക്ഷ നൽകുന്ന നീതികേട്.

## യൂണിറ്റ് II

## അനുഭൂതികൾ ആവിഷ്ക്കാരങ്ങൾ

---------------------------------------------------

**പാഠഭാഗങ്ങൾ**

1 വിശ്വരൂപം
2 പ്രിയദർശനം
3 കടൽത്തീരത്ത്

**പട്ടിക:**

| സാഹിത്യകാരൻ | കൃതി | പ്രസ്ഥാനം | കഥാപാത്രങ്ങൾ |
|---|---|---|---|
| ലളിതാംബിക അന്തർജനം | വിശ്വരൂപം | ചെറുകഥ | മിസ്സിസ് തലത്ത്, മിസ്റ്റർ തലത്ത്, സുധീർ |
| കുമാരനാശാൻ | നളിനി | ഖണ്ഡകാവ്യം | നളിനി, ദിവാകരൻ |
| ഒ.വി.വിജയൻ | കടൽത്തീരത്ത് | ചെറുകഥ | വെള്ളായിയപ്പൻ കണ്ടുണ്ണി |

**പ്രവേശകം:**

**"അൻപുതുതരുമന്യരൊടു ബന്ധ,മാബന്ധങ്ങൾ നൺപെന്ന മഹിത സൗഭാഗ്യം"**
**തിരുക്കുറൽ ( തിരുവള്ളുവർ)**

തമിഴ് കവി തിരുവള്ളുവരുടെ തിരുക്കുറലിലെ വരികൾ.
മറ്റുള്ളവരോടുള്ള ബന്ധം ഓരോരുത്തർക്കും സൗഹൃദമായിത്തീരുകയാണെങ്കിൽ അതാണ് ജീവിതത്തിലെ ഏറ്റവും വലിയ സൗഭാഗ്യം.സമാനഹൃദയം അഥവാ നൺപെന്ന സൗഹൃദമാണ് ലോകത്തെ നില നിർത്തുന്ന ഭാവം.തന്നെപ്പോലെത്തന്നെ മറ്റുള്ളവരെയും കാണാനുള്ള മനസ്സാണ് നാമോരോരുത്തർക്കും ഉണ്ടാകേണ്ടത്.മനസ്സിന്റെ നന്മയാണ്, സ്നേഹമാണ് ലോകത്തിന്റെ സൗഭാഗ്യം.വ്യക്തിയിലും സമൂഹത്തിലും, ഈ ലോകത്തിലാകെയും നിറഞ്ഞു നിൽക്കേണ്ട ഒന്നാണ് സൗഹൃദമെന്ന് പഠിപ്പിക്കുകയാണ് ഈ വരികളിലൂടെ കവി ചെയ്യുന്നത്.

## 1 മാർക്ക് ചോദ്യങ്ങൾ

1, "വിതച്ചതേ കൊയ്യൂ"-എന്ന ചൊല്ലിന് സമാനമായ ഒരു പ്രയോഗം പാഠഭാഗത്തു നിന്ന് കണ്ടെത്തുക?

ഉ- കൊടുത്തത് മാത്രേ നേടാനൊക്കൂ..

2, "ഞാൻ മുൻകൂട്ടി വരേണ്ടതായിരുന്നു മാഡം. പക്ഷേ എനിക്ക് നിവൃത്തിയില്ലായിരുന്നു " ഈ വരികളിൽ പ്രകടമാകുന്ന ഭാവം?

ഉ - കുറ്റബോധം

## 2 മാർക്ക് ചോദ്യങ്ങൾ

1, "അലങ്കരിച്ച ബൊമ്മകളെപ്പോലെ ഇടയ്ക്ക് ഉമ്മ വെയ്ക്കാൻ മാത്രം അവർ അടുത്ത് വരും."
അലങ്കരിച്ച ബൊമ്മകൾ എന്ന വിശേഷണം പാഠ സന്ദർഭത്തിന് എത്രമാത്രം അനുയോജ്യമാണ്?

ഉത്തര സൂചന:

* മക്കളെ പ്രസവിച്ചെങ്കിലും മുലപ്പാല് നൽകിയില്ല.
* കുളിപ്പിച്ചില്ല.
* കൂടെ നിർത്തി വളർത്തിയില്ല.
* സ്നേഹിക്കുകയോ ശാസിക്കുകയോ ചെയ്തില്ല.
* ബൊമ്മകൾക്ക് ജീവനില്ല.
*അമ്മയ്ക്കും മക്കൾക്കുമിടയിൽ സ്നേഹബന്ധം നഷ്ടപ്പെടുന്നു..

2, "ഞാൻ ഇന്ത്യയിൽ ജനിക്കാൻ ആഗ്രഹിക്കുന്നു മാഡം. ഇന്ത്യ എത്ര നല്ല നാടാണ്"
ഈ പ്രയോഗം നൽകുന്ന ആശയം?

ഉത്തരസൂചന:

* ഇന്ത്യക്കാരുടെ ഇടയിലുള്ള ഊഷ്മളമായ കുടുംബ ബന്ധം
* മാതാപിതാക്കളെ ദൈവത്തെപ്പോലെ കാണുന്നു.
*പാശ്ചാത്യ നാടുകളിൽ വൃദ്ധരായ മാതാപിതാക്കളെ മക്കൾ സംരക്ഷിക്കാത്ത സാഹചര്യം
* ഭാരത സംസ്കാരവും പാശ്ചാത്യ സംസ്കാരവും തമ്മിലുള്ള വ്യത്യസ്തത .

## 4 മാർക്ക് ചോദ്യങ്ങൾ

1, "തങ്ങൾക്ക് രണ്ടു പേർക്കും പ്രിയപ്പെട്ടതായിരുന്നതും,തങ്ങളെ കൂട്ടിയിണക്കിയിരുന്നതുമായ ഒരു വ്യക്തിയുടെ സ്മരണ അതിലൂടെ ഒലിച്ചിറങ്ങി " സുധീറിനെയും ഡോ.തലത്തിനെയും കൂട്ടിയിണക്കിയ സ്മരണ എത്രമാത്രം തീവ്രതയോടെ ആവിഷ്കരിക്കാൻ ഈ വരികൾക്ക് കഴിഞ്ഞിട്ടുണ്ട്?

ഉത്തര സൂചന:

* തന്നെ മകനെപ്പോലെ കണ്ട ഡോക്ടർ തലത്ത്
* മകനെപ്പോലെ സ്നേഹിച്ച മിസ്സിസ്സ് തലത്ത്.
* എട്ട് വർഷങ്ങൾക്ക് ശേഷം സുധീർ മാഡം തലത്തിനെ കാണാൻ വരുന്നു.
* പഴയകാല ഓർമ്മകൾ
* മാറ്റങ്ങളെന്തൊക്കെ സംഭവിച്ചാലും ശബ്ദത്തിലൂടെ തിരിച്ചറിയുന്നു.
* ഇരുവരുടെയും ഒത്തുചേരൽ ഡോക്ടർ തലത്തിന്റെ ഓർമ്മപ്പെടുത്തലായി മാറി.

2, "നിങ്ങളുടെ വരാൻ പോകുന്ന ഭാര്യയോട് പറയൂ ,കുട്ടികളെ ബോർഡിങ്ങുകളിൽ അയക്കരുതെന്ന്. അവർക്ക് ആയയെ വെയ്ക്കരുത്. കുട്ടികളെ അമ്മ തന്നെ വളർത്തണം. ശാസിക്കയും ലാളിക്കുകയും കൂട്ടുകൂടുകയും വേണം"

മാഡം തലത്തിന്റെ ഈ വാക്കുകൾ നൽകുന്ന തിരിച്ചറിവുകൾ വിലയിരുത്തുക?

ഉത്തര സൂചന..

*സ്വന്തം ജീവിതാനുഭവങ്ങളിൽ നിന്നും ഉണ്ടായ തിരിച്ചറിവ്.
* കുട്ടികളെ വളർത്താൻ അറിയാതെ പോയ ഒരമ്മയുടെ പശ്ചാത്താപം
* എന്തൊക്കെ തിരക്കുകളുണ്ടെങ്കിലും സ്വന്തം മക്കളെ നോക്കാൻ സമയം കണ്ടെത്തണമെന്ന സന്ദേശം
* ബൊമ്മകളായല്ല കുട്ടികളെ വളർത്തേണ്ടതും വളരേണ്ടതും

### 3,പേരിന്റെ പെരുമ- വിശ്വരൂപം-ഔചിത്യം

* സ്ത്രീയുടെ യഥാർത്ഥരൂപം.അമ്മ- തിരിച്ചറിയൽ
*മിസ്സിസ് തലത്തിന്റെ ആദ്യകാല ജീവിതം
* കുട്ടികളെ വളർത്താൻ അറിയാത്ത അമ്മ
* ഭർത്താവിനു വേണ്ടി രൂപപ്പെടുത്തിയ വ്യക്തിത്വം
* ബന്ധങ്ങളുടെ വിലയറിയാതെയുള്ള ജീവിതം
* ഭർത്താവിന്റെ മരണത്തെത്തുടർന്നുണ്ടായ മാറ്റം
* സുധീറിനെ കണ്ടു മുട്ടുന്നത്.
*മാതൃഭാവത്തിലേയ്ക്കുള്ള, സ്ത്രീയുടെ വിശ്വരൂപത്തിലേക്കുള്ള തിരിച്ചു പോക്ക്.

**4,മിസ്സിസ് തലത്ത് - കഥാപാത്ര നിരൂപണം**

**സ്വഭാവസവിശേഷതകൾ:**

| മിസ്സിസ് തലത്ത് | താഴത്തേതിൽ കുഞ്ഞുകുട്ടിയമ്മ |
|---|---|
| *പ്രൗഢവനിത<br><br>*സൽക്കാര പ്രിയ<br><br>*ആഡംബര ജീവിതം<br><br>*ആരുടെ മുന്നിലും തല കുനിക്കാത്ത പ്രകൃതം<br><br>*ഡോളി എന്ന പേര് സ്വീകരിക്കുന്നത്<br><br>*ഭർത്താവിന് വേണ്ടി ഉഴിഞ്ഞുവെച്ച ജീവിതം<br><br>*കുട്ടികളെ വളർത്താൻ കഴിയാതെ പോയ ഒരമ്മ<br><br>*മാതാപിതാക്കളോടുള്ള കടമ നിർവ്വഹിക്കാൻ മറന്നു പോയ മകൾ.<br><br>*ഭാരതീയസ്ത്രീത്വത്തിന്റെ  അംബാസഡർ എന്ന വിശേഷണം<br><br>*വേഷത്തിലും ഭാവത്തിലും നടപ്പിലും മഹാറാണിയുടെ അന്തസ്സ്<br><br>*ക്ലബ്ബിലും നാടകശാലകളിലും പറന്നു നടക്കുന്ന ലേഡിയെ കണ്ടാൽ ഒന്ന് പ്രസവിച്ചതാണെന്നുപോലും തോന്നില്ല. | *ഭർത്താവിന്റെ മരണശേഷം നഗരത്തിലെ ഒരു ചെറിയ വീട്ടിൽ തനിച്ചുള്ള ജീവിതം.<br><br>*സുധീർ കാണാൻ വരുന്നത്.<br><br>*ആത്മീയ ജീവിതം നയിക്കുന്ന മിസിസ് തലത്ത്.<br><br>*മക്കളെ വളർത്തിയതിൽ, മാതാപിതാക്കളോടുള്ള കടമ നിർവ്വഹിക്കാൻ കഴിയാതെ പോയതിൽ വേദനിക്കുന്ന ഒരു സ്ത്രീ.<br><br>*മക്കളെ വളർത്തേണ്ടതെങ്ങനെയെന്ന് തിരിച്ചറിയുന്നു.<br><br>*മക്കളെ എങ്ങനെ വളർത്തണമെന്ന് സുധീറിനെ ഉപദേശിക്കുന്നു ..<br><br>*താനാർക്കും ഒന്നും കൊടുത്തില്ല തനിക്കാരും ഒന്നും തന്നില്ലെന്ന് പറയുമ്പോഴും കൊടുത്ത സ്നേഹം സുധീറിൽ നിന്നും തിരിച്ചു കിട്ടുന്നുണ്ട്.<br><br>*താഴത്തേതിൽ കുഞ്ഞുകുട്ടിയിൽ നിന്നും തുടങ്ങി മിസ്സിസ് തലത്തിലേയ്ക്കും ഡോളിയിലേക്കും വളർന്ന് അമ്മയായി, സ്ത്രീയുടെ വിശ്വരൂപമായി മാറുന്ന കഥാപാത്രമാണ് താഴത്തേതിൽ കുഞ്ഞിക്കുട്ടിയമ്മ |

## പ്രിയദർശനം
---------------------------------------------------

**എൻ.കുമാരനാശാൻ**
**കൃതി: നളിനി**

**കവിതാസന്ദർഭം:**
നളിനിയും ദിവാകരനും കളിക്കൂട്ടുകാരായിരുന്നു. ഒരുമിച്ച് പാഠശാലയിൽ പോയവർ. വളർന്നപ്പോൾ നളിനിയുടെ സ്നേഹം പ്രേമമായി വളർന്നു.
യുവാവായ ദിവാകരൻ സന്യാസത്തിൽ തല്പരനായി നാടു വിട്ട് പോയി.
തന്റെ വിവാഹം നിശ്ചയിച്ചതറിഞ്ഞ് വീട് വിട്ടിറങ്ങിയ നളിനി പൊയ്കയിൽ ചാടി ആത്മഹത്യക്കു ശ്രമിച്ചു. ഒരു സന്യാസിനി അവളെ രക്ഷപ്പെടുത്തി. ആശ്രമത്തിൽ ഒരു സന്യാസിനിയായി ജീവിച്ചെങ്കിലും ഒരിക്കലും അവൾക്ക് ദിവാകരനെ മറക്കാനായില്ല.
വർഷങ്ങൾക്കു ശേഷം ഹിമാലയത്തിൽ വെച്ച് നളിനി ദിവാകരനെ കണ്ടുമുട്ടുന്നു.
തന്നെ സ്വയം പരിചയപ്പെടുത്തി കൊണ്ട് ദിവാകരനെ പഴയ കാര്യങ്ങൾ ഓർമ്മപ്പെടുത്തുന്നു.ദിവാകരൻ ശരിക്കും ഒരു സന്യാസിയായിരിക്കുന്നു എന്ന യാഥാർത്ഥ്യം നളിനിയെ നിരാശയാക്കുന്നു.

### 2 മാർക്ക് ചോദ്യങ്ങൾ

1, പ്രിയദർശനം എന്ന ശീർഷകം കാവ്യഭാഗത്തിന് എത്രമാത്രം യോജിക്കുന്നുവെന്നതിന് രണ്ട് സൂചനകൾ എഴുതുക?
ഉത്തര സൂചന:
* ദിവാകരനെ എന്നെങ്കിലും ജീവനോടെ കാണുക എന്നതായിരുന്നു നളിനിയുടെ ജീവിത ലക്ഷ്യം.
* എത്രയോ കാലത്തിനു ശേഷം അവളേറെ ആഗ്രഹിച്ച ദിവാകര ദർശനം സാധ്യമായതിനാലാണ് അത് പ്രിയദർശനമായി മാറിയത്.

2, "പോയതൊക്കെയഥവാ നമുക്കയേ,
പ്രായവും സപദി മാറി കാര്യവും"
വരികളിൽ വ്യക്തമാകുന്ന ആശയം?
ഉത്തര സൂചന:
*കാലം കടന്നു പോയിരിക്കുന്നു.
*ചിന്തകളും ജീവിത സാഹചര്യവും മാറിയിരിക്കുന്നു .
*സന്യാസിയായി മാറിയ ദിവാകരന്റെ പക്വതയാർന്ന വാക്കുകൾ

## 4 മാർക്ക് ചോദ്യങ്ങൾ

1, " ധന്യയായി സപദി കാൺക മൂലമ -
ങ്ങെന്നെയോർക്കിലുമോർത്തിടായ്കിലും "

നളിനിയും ദിവാകരനും തപസ്സനുഷ്ഠിച്ചവരാണ്.
തപസ്സിന്റെ ലക്ഷ്യം കൈവരിക്കാൻ ഇരുവർക്കും കഴിഞ്ഞോ?
വിശകലനം ചെയ്യുക

ഉത്തര സൂചന:
*ബാല്യകാല പ്രണയത്തിന്റെ ഓർമ്മകളിൽ ജീവിക്കുകയാണ് നളിനി .
* അവൾ ദിവാകരനോടൊത്തുള്ള കുടുംബ ജീവിതം ആഗ്രഹിക്കുന്നു.
* ദിവാകരനാകട്ടെ സന്യാസത്തെ പൂർണ്ണമായി ഉൾക്കൊണ്ടിരിക്കുന്നു.
മോക്ഷമാണ് ജീവിത ലക്ഷ്യം.
* ദിവാകരനെ കണ്ടതോടെ നളിനിയുടെ ജീവിത ലക്ഷ്യം പൂർത്തിയായിരിക്കുന്നു.

2, "ഭാവശാലികൾ പിരിഞ്ഞുകൂടിയാ-
ലീവിധം വികലമാം സുഖോദയം "
എന്ന വരികളിലെ ആശയവും "വിശ്വരൂപം" എന്ന കഥയിൽ
മിസ്സിസ്സ് തലത്തും സുധീറും തമ്മിലുള്ള കണ്ടുമുട്ടലും എപ്രകാരം യോജിക്കുന്നു?
വിലയിരുത്തുക.

ഉത്തരസൂചന:
* സ്നേഹനിധികളായ വ്യക്തികൾ ദീർഘകാലത്തെ വേർപാടിനു
ശേഷം കണ്ടുമുട്ടുന്നതാണ് ഇരു പാഠഭാഗങ്ങളിലെയും സന്ദർഭങ്ങൾ.
* നളിനിക്ക് ദിവാകരനോട് പ്രണയമാണ്.
* അമ്മയും മകനും കണ്ടുമുട്ടുന്ന സന്തോഷമാണ് വിശ്വരൂപത്തിൽ.
* രണ്ടു പാഠഭാഗങ്ങളിലും കഥാപാത്രങ്ങൾ തമ്മിൽ ആദ്യം തിരിച്ചറിയുന്നില്ല.
* ഇരു പാഠഭാഗങ്ങളിലും കഥാപാത്രങ്ങൾ ശബ്ദത്തിലൂടെയാണ്
പരസ്പരം തിരിച്ചറിയുന്നത്

3, "ധീരനായ യതി നോക്കി തന്വിതൻ
ഭൂരിബാഷ്പ പരിപാടലം മുഖം;
പൂരിതാഭയൊടുഷസ്സിൽ മഞ്ഞുതൻ
ധാരയാർന്ന പനിനീർ സുമോപമം"
ഈ വരികളിലെ ചമത്കാര ഭംഗി കണ്ടെത്തുക?

ഉത്തര സൂചന:
* കണ്ണുനീർ നിറഞ്ഞ് ചെമന്നു തുടുത്ത നളിനിയുടെ മുഖത്തെ
പ്രഭാതത്തിലെ മഞ്ഞുതുള്ളികൾ വീണു കുതിർന്ന പനിനീർപൂവിനോട്
സാദൃശ്യപ്പെടുത്തുന്നു.
* പരിശുദ്ധി, സൗന്ദര്യം, ദു:ഖം എന്നിവ പ്രകടമാകുന്നു.
* സൂര്യകിരണങ്ങൾ മഞ്ഞിനെ നീരാവിയാക്കുന്നു.
ദിവാകരന്റെ സാന്നിദ്ധ്യം നളിനിയുടെ ദു:ഖമകറ്റുന്നു.

## 6 മാർക്ക് ചോദ്യങ്ങൾ

1, "അന്യജീവനുതകി സ്വജീവിതം-
ധന്യമാക്കുമമലേ വിവേകികൾ "
**കുമാരനാശാൻ**

" അവനവനാത്മസുഖത്തിനാചരിക്കുന്നവ-
യപരന്നു സുഖത്തിനായി വരേണം"
**ശ്രീനാരായണഗുരു**

ഈ വരികളിലെ സന്ദേശം ഉൾക്കൊണ്ട് "കേരളം ലോകത്തിന് മാതൃക" എന്ന വിഷയത്തിൽ പ്രഭാഷണം തയ്യാറാക്കുക?

ഉത്തര സൂചന:

**പ്രഭാഷണം-ഘടന**

* സംബോധന
* ആമുഖം
* ആശയങ്ങൾ വ്യക്തതയോടെയും ചിട്ടയോടെ അവതരിപ്പിക്കണം.
* സ്വന്തം നിരീക്ഷണം
* സമകാലിക പ്രസക്തി
* സന്ദേശം
* ഉപസംഹാരം
* നമ്മുടെ ജീവിതം മറ്റുള്ളവർക്ക് ഉപകാരപ്രദമാകണം
* നമുക്ക് വേണ്ടി ചെയ്യുന്ന കാര്യങ്ങൾ മറ്റുള്ളവർക്കും ഗുണം ചെയ്യുന്നതാകണം.
* വെള്ളപ്പൊക്കം- മത്സ്യത്തൊഴിലാളികൾ ഒത്തൊരുമിച്ച് രക്ഷകരായത്.
* കോവിഡ് മഹാമാരിയെ ആരോഗ്യ വകുപ്പും പോലീസും പൊതു സമൂഹവും ചേർന്ന് ചെറുത്ത് നിൽക്കുന്നത്.
* പെട്ടിമുടി ദുരന്തം
* കരിപ്പൂർ വിമാനാപകടം തുടങ്ങിയ രക്ഷാപ്രവർത്തന മാതൃകകൾ.

# കടൽത്തീരത്ത്

-----------------------------------------------

**ചെറുകഥ - ഒ.വി.വിജയൻ**

**കഥാസാരം:**

മകനെ തൂക്കിലേറ്റുന്നതിന് സാക്ഷ്യം വഹിക്കാൻ യാത്രയാകുന്ന വെള്ളായിയപ്പൻ.
പാഴുതറ ഗ്രാമത്തിനു വേണ്ടിയുള്ള യാത്ര.
പണമുണ്ടായിരുന്നെങ്കിൽ അവരെല്ലാം കണ്ണൂർക്ക് പോകുമായിരുന്നു.
യാത്രയിൽ കണ്ടുണ്ണിയെക്കുറിച്ചുള്ള ഓർമ്മകൾ..
കോടച്ചി കൊടുത്തയച്ച പൊതിച്ചോറ്.
കുട്ട്യസ്സൻ മാപ്പിളയുടെയും നീലിയുടെയും മൗനത്തിൽ പൊതിഞ്ഞ വാക്കുകൾ.
ജയിലിനകത്ത് അച്ഛന്റെയും മകന്റെയും ഹൃദയഭേദകമായ കണ്ടുമുട്ടൽ.
വെള്ളായിയപ്പനൊപ്പം വായനക്കാരന്റെ കണ്ണുകളും ഈറനണിയുന്നു.
മകന്റെ ശവശരീരം ഏറ്റ് വാങ്ങുന്ന അച്ഛൻ.
പേറ്റിച്ചിയിൽ നിന്നും ഏറ്റ് വാങ്ങുന്ന കുഞ്ഞിനെപ്പോലെ..
കടൽത്തീരത്ത് സംസ്കരിക്കുന്നു.
പൊതിച്ചോറ് ബലിച്ചോറാകുന്നു.

**<u>കഥയിലെ ഇമേജുകൾ,ബിംബങ്ങൾ,സൂചനകൾ :</u>**

**പൊതിച്ചോറ്-**കൊടച്ചി കൊടുത്തയാക്കുന്നത്.
-ചോറും ഒരു കഥാപാത്രത്തെപ്പോലെ വായനക്കാരരെ പിന്തുടരുന്നു.
-ചോറ് പൊതിയുമ്പോൾ വീണ കൊടച്ചിയുടെ കണ്ണീർ...
-കഥാവസാനം വരെ കഴിക്കനോ കളയാനോ കഴിയാതെ..
-പൊതിച്ചോറ് ഒടുവിൽ മകന് ബലിച്ചോറായി മാറുന്നു..

**കാക്കകൾ**

-മരിച്ചവരുടെ ആത്മാക്കളാണെന്ന് വിശ്വാസം.
-ബലിച്ചോറായി കാക്കകൾക്ക് മുന്നിലെത്തുന്ന പാഥേയം.

**കാറ്റ്**

-കാറ്റ് സ്നേഹത്തിന്റെ,സാന്ത്വനത്തിന്റെ,ത്യാഗത്തിന്റെ,
പ്രണയത്തിന്റെ പ്രതീകമാണ്.
-കാറ്റ് ഓ.വി. വിജയൻ കഥകളിലെ സജീവ സാന്നിധ്യമാണ്.
-കാറ്റും കരിമ്പനയും-പാലക്കാടൻ പ്രതീകം

**കഥാപാത്രനിരൂപണം - വെള്ളായിയപ്പൻ**

-കേന്ദ്ര കഥാപാത്രം.
-മകനോടുള്ള സ്നേഹവാത്സല്യം
-സങ്കടങ്ങൾ ഉള്ളിലൊതുക്കുന്നു
-പഴുതറ ഗ്രാമത്തിൽ നിന്നും തുടങ്ങുന്ന യാത്ര
-പാലക്കാട്ടു നിന്നും കണ്ണൂരിലേയ്ക്ക് .
-കൊടച്ചി കൊടുത്തയച്ച പൊതിച്ചോറ്

-വഴിയിൽ കണ്ടവരുടെ മൗനത്തിൽ പൊതിഞ്ഞ വാക്കുകൾ
-നിരക്ഷരനും നിഷ്കളങ്കനുമായ ഗ്രാമീണൻ
-അപരിചിതമായ ജയിൽ വഴികൾ
-പരിഹാസം,സഹതാപം .
-പാറാവുകാരന് തോന്നുന്ന അലിവ് .
-മകനെ കാണുമ്പോൾ നെഞ്ച് തകരുന്ന വേദന.
-തൂക്കിലേറ്റപ്പെടുന്ന മകൻ.
-ശവശരീരം ഏറ്റു വാങ്ങുന്ന പിതാവ്..
-പൊതിച്ചോറ് മകന് ബലിച്ചോറായി മാറുന്നത്.

**കടൽത്തീരത്ത് -കഥാസ്വാദനം**

ആസ്വാദനക്കുറിപ്പ് എങ്ങനെ തയ്യാറാക്കണം?

**ഘട്ടങ്ങൾ**

ശീർഷകം
ആമുഖം
കഥാകൃത്തിനെക്കുറിച്ച്
കഥയെക്കുറിച്ച്
പ്രമേയം
ആശയതലം
ആസ്വാദനീയാംശങ്ങൾ
(പ്രയോഗഭംഗി,സംഭാഷണഭംഗി,ഭാഷാപരമായ സവിശേഷതകൾ )
സമകാലിക പ്രസക്തി,
സമനാശയം വരുന്ന മറ്റ് രചനകൾ
സ്വന്തം നിരീക്ഷണങ്ങൾ

**ആസ്വാദനക്കുറിപ്പ്**

ഉത്തര സൂചനകൾ:
-പാഠഭാഗത്തിന് അനുയോജ്യമായ ശീർഷകം
-ഒ .വി. വിജയനെക്കുറിച്ച്
-കഥാകൃത്ത്,നോവലിസ്റ്റ്,കാർട്ടൂണിസ്റ്റ്.
-തൂക്കിലേറ്റാൻ വിധിക്കപ്പെട്ട മകനെ കാണാൻ പോകുന്ന നിസ്സഹായനായ അച്ഛൻ
-പാ25 ഴുതറയിൽ നിന്നുള്ള യാത്ര
-മകനെക്കുറിച്ചുള്ള ഓർമ്മകൾ
-ജയിലിൽ മകനെ കാണുന്നത്
-ശവശരീരം ഏറ്റ് വാങ്ങുന്നത്
-കടൽത്തീരത്ത് സംസ്കരിക്കുന്നത്
-പൊതിച്ചോറ് മകന് ബലിച്ചോറാകുന്നത്

**പ്രയോഗങ്ങൾ**

-മൗനം
-പറമ്പിലെ മഞ്ഞപ്പുല്ലിലൂടെ ആരുടെയൊക്കെയോ ദുഃഖസഞ്ചാരങ്ങളുടെ തഴമ്പായി - ചവിട്ടടിപ്പാത നീണ്ടുപോകുന്നു
-കരിമ്പനകളുടെ കാറ്റ് ദൈവസാന്ദ്രമായി
-അപരിചിതന്റെ സംഭാഷണം കൊലക്കയറു പോലെ കഴുത്തിൽ ചുറ്റിമുറുകി
-ഒരു പേറ്റിച്ചിയെപ്പോലെ തന്റെ മകന്റെ ദേഹത്തെ പാറാവുകാരിൽ നിന്നും ഏറ്റുവാങ്ങി..
-രണ്ട് വാക്കുകൾ മാത്രം,,,
-രണ്ടു വാക്കുകൾക്കിടയ്ക്ക് ദുഃഖത്തിൽ,മൗനത്തിൽ അച്ഛനും മകനും അറിവുകൾ കൈമാറി.
-പ്രയോഗസവിശേഷതകൾ കഥയ്ക്ക് നൽകുന്ന ഭാവഭംഗി

**സമാനരചനകൾ**-തോരാമഴ,നെയ്പ്പായസം,രാമേട്ടൻ,കാറ്റ് പറഞ്ഞ കഥ ....
സ്വന്തം നിരീക്ഷണങ്ങൾ..

## ചില ചോദ്യങ്ങൾ കൂടി

1. "കാരണവരെ കട്ടാൽ മതി.ജയിലിൽ എത്തിച്ചേരാം "
   ഈ വാക്കുകളിൽ കാണുന്ന ഭാവം?
   ഉ-പരിഹാസം

2 'ഇളം ചൂടുള്ള വെള്ളം അതൊക്കെയും ഓർമ്മിപ്പിച്ചു.പുഴ കടന്ന് അപ്പുറം മേട് കയറുവോളം വെള്ളായിയപ്പൻ കരഞ്ഞു."
   എന്തൊക്കെയാവാം വെള്ളായിയപ്പൻ ഓർത്തെടുത്തത്?
   ഉത്തര സൂചന:
   *അപ്പന്റെ ശവം കുളിപ്പിച്ചത്
   *മകനെ കുട്ടിക്കാലത്ത് കുളിപ്പിച്ചത്

3,"കണ്ണൂരിലേക്കുള്ള തീവണ്ടി യാത്ര പാഴുതറ എന്ന ഗ്രാമത്തിനു വേണ്ടിയായിരുന്നു."
ഗ്രാമം എങ്ങനെയാണു വെള്ളായിയപ്പന്റെ ദുഃഖം ഏറ്റു വാങ്ങിയത്?

ഉത്തര സൂചന:

* പാഴുതറയിൽ നിന്നും കണ്ണീരിൽ കുതിർന്ന യാത്രയയപ്പ്
* പണമുണ്ടായിരുന്നെങ്കിൽ പാഴുതറയിലുള്ളവരെല്ലാം കണ്ണൂർക്ക് പോകുമായിരുന്നു.
* വഴിയിൽ കാണുന്നവരുടെ മൗനത്തിൽ പൊതിഞ്ഞ വാക്കുകളിൽ നിന്നും അവരുടെ ദുഃഖം വായനക്കാർക്ക് വായിച്ചെടുക്കാനാകും.